**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസ് വാടക വീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളുടെ കൂട്ടിരുപ്പകാർക്കായി മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിപ്രകാരം ഏതൊക്കെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഇതിനോടകം പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പദ്ധതിയുടെ പ്രവർത്തനം എങ്ങനെയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | **ആശ്വാസ് വാടക വീട് പദ്ധതി, ആലപ്പുഴ (2019-20 പ്ലാൻ പദ്ധതി)**<br><br>ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ വടക്ക് വില്ലേജിൽ പഴയ സർവ്വേ നമ്പർ 5/8 ൽ 378, 379, 380 എന്നീ സബ് ഡിവിഷനുകളിലായി മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിൽ ഒഴിഞ്ഞു കിടക്കുന്ന 50 സെൻറ് സ്ഥലത്തു ഒറ്റ ബ്ലോക്കിൽ മൂന്നു ഡോർമിറ്ററികളും 34 ബാത്ത് അറ്റാച്ച്ഡ് മുറികളും ഉൾപ്പെടുന്ന ആകെ 106 കിടക്കകളുള്ള 3 നില കെട്ടിടം നിർമ്മിക്കുന്നതിന് 26/09/2019 ലെ സ.ഉ(സാ.ധാ)39/2019/ഭവനം നമ്പർ ഉത്തരവ് പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br><br>**ആശ്വാസ് വാടക വീട് പദ്ധതി, തൃശ്ശൂർ ജില്ല (2020-21 പ്ലാൻ പദ്ധതി)**<br><br>തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിലുള്ള 50 സെൻറ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ ആകെ 75 കിടക്കകളുള്ള 2 നില കെട്ടിടം നിർമ്മിക്കുന്നതിന് 14/09/2020-ലെ സ.ഉ(സാധാ)നം.32/2020/ഭവനം നമ്പർ ഉത്തരവു പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br><br>**ആശ്വാസ് വാടക വീട് പദ്ധതി, കണ്ണൂർ ജില്ല (2021-22 പ്ലാൻ പദ്ധതി)**<br><br>കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിനുള്ളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെൻറ് |

| | | | |
|---|---|---|---|
| | | | വിസ്തീർണ്ണമുള്ള സ്ഥലത്തു 3 നിലകളുള്ള കെട്ടിടത്തിൽ 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതിക്ക് 26/06/2021-ലെ സ.ഉ(സാ.ധാ)നം.29/2021/ഭവനം നമ്പർ ഉത്തരവ് പ്രകാരം 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**ആശ്വാസ് വാടക വീട് പദ്ധതി, കോന്നി, പത്തനംതിട്ട ജില്ല (2022-23 പ്ലാൻ പദ്ധതി)**<br><br>കോന്നി മെഡിക്കൽ കോളേജ് കാമ്പസ്സിനുള്ളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെൻറ് വിസ്തീർണ്ണമുള്ള സ്ഥലത്തു 3 നിലകളുള്ള കെട്ടിടത്തിൽ 82 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതിക്ക് 10/06/2022-ലെ സ.ഉ(സാ.ധാ)62/2022/ഭവനം നമ്പർ ഉത്തരവ് പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**ആശ്വാസ് വാടക വീട് പദ്ധതി, കോട്ടയം ജില്ല (2022-23 പ്ലാൻ പദ്ധതി)**<br><br>കോട്ടയം മെഡിക്കൽ കോളേജ് ക്യാമ്പസ്സിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെൻറ് വിസ്തീർണ്ണമുള്ള സ്ഥലത്തു 3 നിലകളുള്ള കെട്ടിടത്തിൽ 106 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്ന പദ്ധതിക്ക് 10/06/2022-ലെ സ.ഉ(സാ.ധാ)നം.61/2022/ഭവനം നമ്പർ ഉത്തരവ് പ്രകാരം 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല, ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ഭൂമിയും കെട്ടിടവും മെഡിക്കൽ കോളേജുകൾക്ക് കൈമാറുന്നതാണ്. വാടക തുക നിശ്ചയിക്കലും പദ്ധതിയുടെ അറ്റകുറ്റപ്പണികളും മെഡിക്കൽ കോളേജ് അധികൃതർ ചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രസ്തുത | (ബി) | ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രസ്തുത |

| | | | |
|---|---|---|---|
| | പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | | പദ്ധതിയുടെ സ്ട്രക്ച്ചറൽ വർക്കുകൾ പുരോഗമിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ

A

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ഭവന നിർമ്മാണ വകുപ്പ് - ബജറ്റ് 2019-20 - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് - ആശ്വാസ് വാടക വീട് പദ്ധതി - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

**സ.ഉ.(സാധാ) നം.39/2019/ഭവനം** തീയതി,തിരുവനന്തപുരം, 26/09/2019

---

പരാമർശം:- 1) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 29.07.2019-ലെ പി4/19/2017/എച്ച്ബി നമ്പർ കത്ത്.

2) ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 22.08.2019-ൽ ചേർന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മെഡിക്കൽ കോളേജിനു സമീപം വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 2019-20 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് "ആശ്വാസ് വാടക വീട് പദ്ധതിയ്ക്ക്" നടപ്പാക്കുന്നതിനായി 4216-80-201-97 ശീർഷകത്തിൽ 5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

2 ) 2019-20 സാമ്പത്തിക വർഷം തൃശ്ശൂർ മെഡിക്കൽ കോളേജിനു സമീപം 150 രോഗികൾക്കും കൂട്ടിരുപ്പുകാർക്കും താമസ സൗകര്യം ലഭ്യമാക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 5,00,00,000/- രൂപ വകയിരുത്തിയിരുന്നത്. എന്നാൽ തൃശ്ശൂർ ജില്ലയിൽ പദ്ധതി നടപ്പാക്കാൻ അനുയോജ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ, പ്രസ്തുത പദ്ധതി ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപം 5,83,05,000/- രൂപ ചെലവിൽ നടപ്പാക്കുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 22.08.2019-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും,. ചില വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നല്കുകയും ചെയ്തു.

3 ) ഈ സാഹചര്യത്തിൽ, 2019-20 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ "ആശ്വാസ് വാടക വീട് പദ്ധതി" പ്രകാരം 150 രോഗികൾക്കും കൂട്ടിരുപ്പുകാർക്കും താമസ സൗകര്യം ലഭ്യമാക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, 5,00,00,000/- (അഞ്ച് കോടി രൂപ മാത്രം) രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേയ്ക്കാവശ്യമായ തുക 2019-20 സാമ്പത്തികവർ ഷത്തെ 4216-80-201-97 ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

**നിബന്ധനകൾ:-**

i. 2019-20 സാമ്പത്തിക വർഷം 500 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ആശ്വാസ് വാടക വീട് പദ്ധതി നടപ്പാക്കേണ്ടതും, പദ്ധതി പൂർത്തീകരണത്തിന് അധിക തുക ആവശ്യമായി വരുന്ന പക്ഷം, ആയത് അടുത്ത സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

ii. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഈടാക്കുന്ന Centage Charges 12.5 ശതമാനത്തിൽ നിന്നും 6 ശതമാനമായി കുറവ് ചെയ്യേണ്ടതാണ്.
iii. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
iv. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ, നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
v. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
vi. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കപ്പെടേണ്ടതാണ്.
vii. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
viii. സിവിൽ വർക്കുകൾക്ക്, CPWD നിരക്കുകൾ ബാധകമാണ്.
ix. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.
x. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും (2019-20).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.എസ്.സുധ**
**അഡീഷണല് സെക്രട്ടറി**

To

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ (പ്ലാനിംഗ്/പി.യു.-സി) വകുപ്പ്.

ആസൂത്രണവും, സാമ്പത്തികകാര്യവും ( എ/സി.പി.എം.യു.) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2020-21 - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് - ആശ്വാസ് വാടക വീട് പദ്ധതി - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

**സ.ഉ.(സാധാ) നം.32/2020/ഭവനം** തീയതി,തിരുവനന്തപുരം, 14/09/2020

---

പരാമർശം:- 1) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 18/06/2020-ലെ KSHB-HO/278/2020-P2 നമ്പർ കത്ത്.

2) ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ 17/08/2020 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ.തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മെഡിക്കൽ കോളേജിന് സമീപം വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 2020-21 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് "ആശ്വാസ് വാടക വീട് പദ്ധതി" നടപ്പാക്കുന്നതിന് 4216-80-201-97 എന്ന ശീർഷകത്തിൽ 4,00,00,000/- രൂപ (നാല് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

02) തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സ്ഥലത്ത് രണ്ട് നിലകളിലായി 75 കിടക്കകളുള്ള കെട്ടിടം 4,00,00,000 രൂപ (നാല് കോടി രൂപ മാത്രം) ചെലവിൽ നിർമ്മിച്ച് മെഡിക്കൽ കോളേജിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) കത്ത് പ്രകാരം ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പ്രപ്പോസൽ 17.08.2020-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, 4,00,00,000 രൂപയിൽ (നാല് കോടി രൂപ മാത്രം) നിജപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം നല്കുകയും ചെയ്തു.

03). ഈ സാഹചര്യത്തിൽ, 2020-21 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് "ആശ്വാസ് വാടക വീട് പദ്ധതി" പ്രകാരം, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് രണ്ട് നിലകളിലായി 75 കിടക്കകളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, 4,00,00,000 രൂപയിൽ (നാല് കോടി രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2020-2021 സാമ്പത്തിക വർഷത്തെ 4216-80-201-97 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

1. The availability of land should be ensured before commencement/execution of the project.

2. Kerala State Housing Board shall be the implementing agency and the monitoring mechanism of KSHB shall be utilized.

3. Duration of the project will be one year.

4. All the works shall be undertaken in a transparent manner in compliance of the codal provisions and standing orders in this regard

5. The expenditure shall be limited within the current years budget and the amount would be met from the provision available under the appropriate head of account

6. The fund release will be based on actual requirement and the fund released should not be parked in banks.

7. Store Purchase Rules shall be strictly adhered to

8. Tender/re-tender and other stipulated formalities shall be followed where ever necessary.

9. For Civil works, CPWD rates shall be followed.

10. Post creation and purchase of vehicles are not admissible under the scheme.

11. The land availability should be ensured before the commencement / execution of the project.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.എസ്.സുധ

അഡിഷണൽ സെക്രട്ടറി

To

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ (പ്ലാനിംഗ്/പി.യു.സി) വകുപ്പ്.

ആസൂത്രണവും, സാമ്പത്തികകാര്യവും ( എ/സി.പി.എം.യു.) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

A3

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് - ബജറ്റ് - 2021-2022 - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആശ്വാസ് വാടക വീട് പദ്ധതിക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.29/2021/ഭവനം തീയതി,തിരുവനന്തപുരം, 26/06/2021

പരാമർശം:- 1) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 31.05.2021 തീയതിയിലെ KSHB-HO/340/2021-P3 നമ്പർ കത്ത്.

2) ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 25.06.2021 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

2021-2022 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കണ്ണൂർ മെഡിക്കൽ കോളേജിന് സമീപം ആശ്വാസ് വാടക വീട് പദ്ധതി നടപ്പാക്കുന്നതിന് 4216-80-201-97 ശീർഷകത്തിൽ 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2 ) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിനുളളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 5 0 സെന്റ് ഭൂമിയിൽ 600.00 ലക്ഷം രൂപ ചെലവിൽ 3 നിലകളിലായി 6 4 കിടക്കകളുള്ള 1787.34 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയും, ആയതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഭൂമി വില | സർക്കാർ വക ഭൂമി |
| ഭൂവികസന ചെലവുകൾ | Rs. 80.5593.00 |
| കെട്ടിട നിർമ്മാണച്ചെലവുകൾ | Rs. 4.14.08325.00 |
| സർവ്വീസുകൾക്കുള്ള ചെലവുകൾ | Rs. 39,00,000.00 |
| ആകെ നിർമ്മാണ ചെലവ് | Rs. 4,53,88,884.00 |
| ഫർണിച്ചർ വാങ്ങുന്നതിനുള്ള ചെലവ് | Rs. 15,00,000.00 |
| മറ്റിനങ്ങൾ | Rs. 1,00,000.00 |
| ആകെ | Rs. 4,69,88,884.00 |
| 12.5% നിരക്കിൽ ഭരണച്ചെലവും മേൽനോട്ടക്കൂലിയും | Rs. 58,73,611.00 |
| ഭരണച്ചെലവിന്റെയും മേൽനോട്ടക്കൂലിയുടെയും 18% നിരക്കിൽ ജി.എസ്.ടി | Rs. 10,57,250.00 |
| ഇലക്ട്രിക്കൽ വർക്കുകൾക്ക് 18% നിരക്കിൽ ജി.എസ്.ടി | Rs. 11,95,870.00 |

| | |
|---|---|
| ബാക്കിയുള്ള പണികൾക്ക് 12% നിരക്കിൽ ജി.എസ്.ടി. | Rs. 48,41,419.00 |
| ആകെ പദ്ധതിച്ചെലവ് | Rs. 5,99,57,034.00<br>(Rs. 6,00,00,000.00) |

3 ) പ്രസ്തുത പ്രൊപ്പോസൽ 25.06.2021-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിനുളളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ 600.00 ലക്ഷം രൂപ ചെലവിൽ 3 നിലകളിലായി 64 കിടക്കകളുള്ള 1787.34 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 600.00 ലക്ഷം രൂപയിൽ നിജപ്പെടുത്തി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഭരണാനുമതി നല്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

4) ഈ സാഹചര്യത്തിൽ, 2021-2022 സാമ്പത്തിക വർഷം ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിനുള്ളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ 3 നിലകളിലായി 64 കിടക്കകളുള്ള 1787.34 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതിക്ക് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 6,00,00,000/- രൂപയിൽ (ആറ് കോടി രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2021-2022 സാമ്പത്തിക വർഷത്തെ 4216-80-201-97 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

1. Kerala State Housing Board shall be the implementing agency and the monitoring mechanism of KSHB shall be utilized.
2. Price Software should be used, wherever required, for construction, renovation & modernisation.
3. Duration of the project will be one year.
4. All the works shall be undertaken in a transparent manner in compliance of the codal provisions and standing orders in this regard
5. The expenditure shall be limited within the current years budget and the amount would be met from the provision available under the appropriate head of account
6. The fund release will be based on actual requirement and the fund released should not be parked in banks.
7. Store Purchase Rules shall be strictly adhered to
8. Tender/re-tender and other stipulated formalities shall be followed whereever necessary.
9. For Civil works, CPWD rates shall be followed.

10. Post creation and purchase of vehicles are not admissible under the scheme.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക്
അഡീഷണൽ ചീഫ് സെക്രട്ടറി

To

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള. തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ (പ്ലാനിംഗ്/പി.യു.-സി) വകുപ്പ്.

ആസൂത്രണവും, സാമ്പത്തികകാര്യവും (എ/സി.പി.എം.യു.) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2022-23 – കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - പത്തനംതിട്ട ജില്ലയിലെ കോന്നി മെഡിക്കൽ കോളേജിന് സമീപം 'ആശ്വാസ് വാടക വീട്' പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.62/2022/HSG തീയതി,തിരുവനന്തപുരം, 10-06-2022

പരാമർശം:- 1) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 12.04.2022-ലെ KSHB-HO/251/2022-P1 നമ്പർ കത്ത്.

2) ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 01.06.2022 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം.

ഉത്തരവ്

01) 2022-2023 സാമ്പത്തിക വർഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 'ആശ്വാസ് വാടക വീട്" പദ്ധതി നടപ്പാക്കുന്നതിന് 4216-80-201-97 ശീർഷകത്തിൽ 15.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോട്ടയം മെഡിക്കൽ കോളേജിന് സമീപം 8.00 കോടി രൂപ ചെലവിലും, പത്തനംതിട്ട ജില്ലയിൽ റാന്നി മെഡിക്കൽ കോളേജിന് സമീപം 7.00 കോടി രൂപ ചെലവിലും മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആശ്വാസ് വാടക വീട് പദ്ധതി നടപ്പാക്കുവാനാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നത്.

02) പ്രസ്തുത പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ റാന്നി മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 7.00 കോടി രൂപ ചെലവിൽ 3 നിലകളിലായി 82 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 1556.79 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രപ്പോസൽ പരാമർശം (1) കത്ത് പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയും ആയതിന് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുമുണ്ടായി.

03) പ്രസ്തുത പ്രപ്പോസൽ 01.06.2022-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ആശ്വാസ് വാടക വീട്" പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ റാന്നി മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 3 നിലകളിലായി 82 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 1556.79 ച.മീ വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് ചുവടെ ചേർക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 7.00 കോടി രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

| നം. | ഇനം | തുക |
|---|---|---|
| 1. | ഭൂവികസന ചെലവുകൾ | Rs.35,00,000.00 |
| 2. | കെട്ടിട നിർമ്മാണ ചെലവുകൾ | Rs.4,17,66,628.00 |

| | | |
|---|---|---|
| 3. | സർവീസുകൾക്കുള്ള ചെലവുകൾ | Rs.54,60,000.00 |
| 4. | ആകെ നിർമ്മാണ ചെലവ് | Rs.5,07,26,628.00 |
| 5. | ഫർണീച്ചർ വാങ്ങുന്നതിനായി | Rs.20,00,000.00 |
| 6. | പരസ്യം നൽകുന്നതിനായുള്ള ചെലവ് | Rs. 10,000.00 |
| 7. | ആകെ | Rs. 5,27,36,628 |
| 8. | 12.5% നിരക്കിൽ ഭരണച്ചെലവും മേൽനോട്ടക്കൂലിയും | Rs.65,92,079.00 |
| 9. | ഭരണച്ചെലവിന്റെയും മേൽനോട്ടക്കൂലിയുടെയും 18% നിരക്കിൽ ജി.എസ്.ടി | Rs.11,86,574.00 |
| 10. | വർക്കുകൾക്ക് 18% നിരക്കിൽ ജി.എസ്.ടി | Rs.94,92,593.00 |
| | ആകെ പദ്ധതി ചെലവ് (ഭൂമി വില ഒഴികെ) | Rs.7,00,07,874.00<br>(Rs. 7,00,00,000.00) |

04) ഈ സാഹചര്യത്തിൽ 2022-2023 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ആശ്വാസ് വാടക വീട്' പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ റാന്നി മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 5 0 സെന്റ് സ്ഥലത്ത് 3 നിലകളിലായി 82 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 1556.79 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 7,00,00,000/- രൂപയിൽ (ഏഴ് കോടി രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2022-2023 സാമ്പത്തിക വർഷത്തെ 4216-80-201-97 ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

1. Kerala State Housing Board shall be the implementing agency and the monitoring mechanism of KSHB shall be utilized.
2. Price Software should be used, wherever required, for construction, renovation & modernisation.
3. Duration of the project will be one year.
4. All the works shall be undertaken in a transparent manner in compliance of the codal provisions and standing orders in this regard.
5. The expenditure shall be limited within the current year's budget and the amount would be met from the provision available under the appropriate head of account.
6. The fund release will be based on actual requirement and the fund released should not be parked in banks.
7. Store Purchase Rules shall be strictly adhered to.
8. Tender/re-tender and other stipulated formalities shall be followed wherever necessary.
9. For Civil works, CPWD rates shall be followed.
10. Post creation and purchase of vehicles are not admissible under the scheme.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. എ .ജയതിലക് ഐ എ എസ്

6756741/2022/OS-HOUSING

സ.ഉ.(സാധാ) നം.62/2022/HSG

അഡീഷണൽ ചീഫ് സെക്രട്ടറി

To

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ (പി.യു.സി) വകുപ്പ്.

ആസൂത്രണ സാമ്പത്തികകാര്യ (പി.ഐ.ഇ&എം) വകുപ്പ്

ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Padmarajan V P
Date: 10-06-2022 16:06:45

സെക്ഷൻ ഓഫീസർ

A3/553/2022-HSG

6756774/2022/OS-HOUSING

സ.ഉ.(സാധാ) നം.61/2022/HSG

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2022-23 — കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - കോട്ടയം മെഡിക്കൽ കോളേജിന് സമീപം 'ആശ്വാസ് വാടക വീട്' പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.61/2022/HSG തീയതി,തിരുവനന്തപുരം, 10-06-2022

പരാമർശം:- 1) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 12.04.2022-ലെ KSHB-HO/251/2022-P2 നമ്പർ കത്ത്.

2) ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 01.06.2022-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം.

<u>ഉത്തരവ്</u>

01) 2022-2023 സാമ്പത്തിക വർഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 'ആശ്വാസ് വാടക വീട്' പദ്ധതി നടപ്പാക്കുന്നതിന് 4216-80-201-97 ശീർഷകത്തിൽ 15.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോട്ടയം മെഡിക്കൽ കോളേജിന് സമീപം 8.00 കോടി രൂപ ചെലവിലും, പത്തനംതിട്ട ജില്ലയിൽ റാന്നി മെഡിക്കൽ കോളേജിന് സമീപം 7.00 കോടി രൂപ ചെലവിലും മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആശ്വാസ് വാടക വീട് പദ്ധതി നടപ്പാക്കുവാനാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നത്.

02) പ്രസ്തുത പദ്ധതി പ്രകാരം കോട്ടയം മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 5 0 സെന്റ് സ്ഥലത്ത് 8.00 കോടി രൂപ ചെലവിൽ 3 നിലകളിലായി 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 1556.79 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രപ്പോസൽ പരാമർശം (1) കത്ത് പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കുകയും ആയതിന് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ുമുണ്ടായി.

03) പ്രസ്തുത പ്രപ്പോസൽ 01.06.2022-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ആശ്വാസ് വാടക വീട്' പദ്ധതി പ്രകാരം കോട്ടയം മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 3 നിലകളിലായി 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 1556.79 ച. മീ വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് ചുവടെ ചേർക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 8.00 കോടി രൂപയിൽ, നിജപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

| നം. | ഇനം | തുക |
|---|---|---|
| 1. | ഭൂവികസന ചെലവുകൾ | Rs.59,00,000.00 |
| 2. | കെട്ടിട നിർമ്മാണ ചെലവുകൾ | Rs.3,87,29,708.00 |
| 3. | സർവീസുകൾക്കുള്ള ചെലവുകൾ | Rs.106,00,000.00 |
| 4. | ആകെ നിർമ്മാണ ചെലവ് | Rs.5,72,29,708.00 |
| 5. | ഫർണീച്ചർ വാങ്ങുന്നതിന് | Rs.30,00,000.00 |
| 6. | ആകെ | Rs.6,02,29,708.00 |
| 7. | 12.5% നിരക്കിൽ ഭരണച്ചെലവും മേൽനോട്ടക്കൂലിയും | Rs.75,28,714.00 |
| 8. | ഭരണച്ചെലവിന്റെയും മേൽനോട്ടക്കൂലിയുടെയും 18% നിർക്കിൽ ജി.എസ്.ടി | Rs.13,55,168.00 |
| 9. | വർക്കുകൾക്ക് 18% നിരക്കിൽ ജി.എസ്.ടി | Rs.1,08,41,347.00 |
| | ആകെ പദ്ധതി ചെലവ് (ഭൂമി വില ഒഴികെ) | Rs.7,99,54,937.00 (Rs. 8,00,00,000.00) |

0 4 ) ഈ സാഹചര്യത്തിൽ 2022-2023 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 'ആശ്വാസ് വാടക വീട്' പദ്ധതി പ്രകാരം കോട്ടയം മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 5 0 സെന്റ് സ്ഥലത്ത് 3 നിലകളിലായി 1 0 6 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് 1556.79 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 8,00,00,000/- രൂപയിൽ (എട്ട് കോടി രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2022-2023 സാമ്പത്തിക വർഷത്തെ 4216-80-201-97 ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

1. Kerala State Housing Board shall be the implementing agency and the monitoring mechanism of KSHB shall be utilized.
2. Price Software should be used, wherever required, for construction, renovation & modernisation.

3. Duration of the project will be one year.
4. All the works shall be undertaken in a transparent manner in compliance of the codal provisions and standing orders in this regard.
5. The expenditure shall be limited within the current year's budget and the amount would be met from the provision available under the appropriate head of account.
6. The fund release will be based on actual requirement and the fund released should not be parked in banks.
7. Store Purchase Rules shall be strictly adhered to.
8. Tender/re-tender and other stipulated formalities shall be followed wherever necessary.
9. For Civil works, CPWD rates shall be followed.
10. Post creation and purchase of vehicles are not admissible under the scheme.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

To

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ (പി.യു.സി) വകുപ്പ്.

ആസൂത്രണ സാമ്പത്തികകാര്യ (പി.ഐ.ഇ&എം) വകുപ്പ്

ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Padmarajan V P
Date: 10-06-2022 16:05:21
സെക്ഷൻ ഓഫീസർ